

# അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതിക്ക് ഒരു വയസ്

സംസ്ഥാനത്തെ പിന്നോക്ക ആദിവാസി പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട രോഗചികിത്സയും ആരോഗ്യ സംരക്ഷണവും സഹകരണ മേഖലയിലൂടെ പ്രദാനം ചെയ്യുക എന്ന ഉദ്ദേശത്തോടെ പൈലറ്റ് പദ്ധതിയായി ആരംഭിച്ച അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ഒരു വർഷം പൂർത്തിയാക്കി. ഇതോടനുബന്ധിച്ച് ഈ പദ്ധതിയുടെ ഒന്നാം വാർഷികവും പദ്ധതിയുടെ ഒരു വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ച സോഷ്യൽ ആഡിറ്റിംഗ് പ്രഖ്യാപനവും സഹകരണ-ടൂറിസം-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി കൂടുതൽ ശ്രദ്ധ ലഭിക്കേണ്ട മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കുമെന്നും യോഗം ഉത്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.

അട്ടപ്പാടിയുടെ ആരോഗ്യ പിന്നോക്കാവസ്ഥ മറ്റ് വകുപ്പുകളുമായി ചേർന്ന് ഘട്ടം ഘട്ടമായി പരിഹരിച്ച് അഞ്ചു വർഷത്തിനുള്ളിൽ ശാശ്വത പരിഹാരം ഉണ്ടാക്കുകയെന്ന ലക്ഷ്യമാണ് സമഗ്ര ആരോഗ്യ പദ്ധതിക്കുള്ളത്. പദ്ധതിയിൽ ഉണ്ടാക്കേണ്ട മാറ്റങ്ങൾ അറിയാൻ ഊരുകളിലെത്തി അഭിപ്രായം തേടും. അതിനാണ് സോഷ്യൽ ആഡിറ്റിംഗ്. പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിയുടേയും സഹകരണ വകുപ്പിന്റെയും നേതൃത്വത്തിലാണ് അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ പദ്ധതി നടത്തുന്നത്.

എൻ.ഷംസുദ്ദീൻ എം.എൽ.എ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വിശിഷ്ട സേവനം നിർവഹിച്ച വ്യക്തികളെ സഹകരണ സംഘം രജിസ്ട്രാർ ഡോ. പി.കെ.ജയശ്രീ ഐ.എ.എസ് ആദരിച്ചു. അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന് ഏറെ പ്രയോജനകരമായ പദ്ധതിയുടെ ഒരു വർഷത്തെ സോഷ്യൽ ആഡിറ്റ് വിശദാംശങ്ങൾ സോഷ്യൽ ആഡിറ്റ് ഡയറക്ടർ ഡോ.അബി ജോർജ് അവതരിപ്പിച്ചു. സോഷ്യൽ ആഡിറ്റിംഗ് പ്രവർത്തനം ഉടൻ നടത്തുമെന്നും വരുംവർഷങ്ങളിൽ ഈ മേഖലയിലെ സമഗ്ര ആരോഗ്യ വികസനത്തിന് ആവശ്യമായ രൂപരേഖ തയ്യാറാക്കുമെന്നും അദ്ദേഹം പറഞ്ഞു.




*സോഷ്യൽ ആഡിറ്റ് വിശദാംശങ്ങൾ സോഷ്യൽ ആഡിറ്റ് ഡയറക്ടർ ഡോ.അബി ജോർജ് അവതരിപ്പിക്കുന്നു*

ഒറ്റപ്പാലം സബ് കളക്ടർ ജെറോമിക് ജോർജ് ഐ.എ.എസ്., സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ അനിത റ്റി.ബാലൻ, ഇ.എം.എസ് സഹകരണ ആശുപത്രി ചെയർമാൻ ഡോ. എ.മുഹമ്മദ്, ആശുപത്രി ജനറൽ മാനേജർ എം.അബ്ദുനാസർ, അട്ടപ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഈശ്വരിരേശൻ, ജില്ലാ പഞ്ചായത്ത് അംഗം സി.രാധാകൃഷ്ണൻ, അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഒരു വർഷത്തെ പ്രവർത്തനത്തിനിടയിൽ ഉണ്ടായ നേട്ടങ്ങൾക്കു പിന്നിൽ സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിച്ച ഇ.എം.എസ് സഹകരണ ആശുപത്രിയിലെ ജീവനക്കാരെ സഹകരണ സംഘം രജിസ്ട്രാർ ആദരിച്ചു.

ഒരു കിലോഗ്രാമിന് താഴെ ഭാരമുള്ള രണ്ടു കുട്ടികളുടെ ജീവൻ രക്ഷിച്ചെടുക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിച്ച ആശുപത്രിയിലെ പീഡിയാട്രിഷ്യൻമാരായ ഡോ.എം.എ.രാംദാസ്, ഡോ.കെ.എം.എ.ഷുക്കൂർ, കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ട് ഡോ.ആർ.പ്രഭുദാസ് (കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന രോഗികളെയാണ് ഇ.എം.എസ് ആശുപത്രിയിൽ ചികിത്സിക്കുന്നത്. ഇതിനായി മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം നടത്തിയത്), പീഡിയാട്രിക് ഐ.സി.യു വിൽ സേവനം അനുഷ്ഠിച്ചിരുന്ന നഴ്സിംഗ് സ്റ്റാഫ്, ഈ പദ്ധതിയുടെ പ്രത്യേകതയായ ആരോഗ്യ ബോധവത്ക്കരണ പരിപാടികൾക്ക് നേതൃത്വം നൽകിയ നഴ്സിംഗ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരെയാണ് യോഗത്തിൽ ആദരിച്ചത്.

## സദസ്സിനോട് അഭിപ്രായമാരാഞ്ഞ് മന്ത്രി, കൈയ്യടിച്ച് ജനം



സദസ്സിലെ കാണികളിൽ അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതി പ്രകാരം ചികിത്സ തേടിയവരോട് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നേരിട്ട് അഭിപ്രായം തേടി. മികച്ച പ്രതികരണങ്ങളാണ് അവരിൽ നിന്ന് ലഭിച്ചത്. ഒപ്പം കൈയ്യടിയും. സഹകരണമേഖലയുടെ സാമൂഹിക പ്രതിബദ്ധതയുടെ നേർച്ചിത്രമാണ് പദ്ധതിയെന്ന് മന്ത്രി പറഞ്ഞു. 2018 ജൂൺ 26 ന് തുടങ്ങിയ പദ്ധതി ഒരു വർഷം പിന്നിടുമ്പോൾ 3573 രോഗികൾക്ക് പെരിന്തൽമണ്ണ ഇ.എം.എസ് ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ചികിത്സ ലഭ്യമാക്കി. ജന്മനാ തൂക്കകുറവുള്ള 26 കുട്ടികളെ ചികിത്സയിലൂടെ രക്ഷിക്കാൻ കഴിഞ്ഞു. ആരോഗ്യമേഖലയിലെ ചൂഷണം തടയാൻ സഹകരണരംഗത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് വലിയ പരിധി വരെ കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഒരു വർഷത്തെ വിലയിരുത്തൽ തൃപ്തികരമാണെന്ന് അറിയിച്ച മന്ത്രി, പദ്ധതിയുമായി ബന്ധപ്പെട്ട് ആരോഗ്യ, പട്ടികജാതി, പട്ടികവർഗവകുപ്പുകൾ നടത്തിയ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.











# അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതി- ഒരുവർഷത്തെ നേട്ടങ്ങൾ

അട്ടപ്പാടിയിലെ ആദിവാസി പട്ടികജാതി-പട്ടികവർഗ ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട രോഗചികിത്സയും ആരോഗ്യ സംരക്ഷണവും സഹകരണമേഖലയിലൂടെ പ്രദാനം ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ഒരു ചികിത്സാ പദ്ധതി എന്നതിലുപരി ആരോഗ്യരംഗത്ത് സർഗാത്മനായുള്ള ഇടപെടലായി ഈ പദ്ധതി മാറി. പദ്ധതി ആരംഭിച്ച് ഒരു വർഷം പിന്നുടുമ്പോൾ വലിയ സ്വീകാരത്യതയാണ് ജനവിഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഒരു വർഷത്തിനകം 3573 രോഗികൾ ഇ.എം.എസ് സഹകരണ ആശുപത്രിയിൽ സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ തേടി. അട്ടപ്പാടിയിൽ വച്ച് വിവിധ സൂപ്പർസ്പെഷ്യാലിറ്റി വിഭാഗങ്ങളെ കൂട്ടി യോജിപ്പിച്ചുള്ള മൂന്ന് മെഡിക്കൽ ക്യാമ്പുകളിൽ 304 രോഗികളെ പരിശോധിച്ച് ചികിത്സയും മരുന്നും നൽകി. ആശുപത്രിയിലെ 21 ഡിപ്പാർട്ടുമെന്റുകളിലായി 771 രോഗികൾ കിടത്തി ചികിത്സ തേടി. ശിശുരോഗ വിഭാഗത്തിൽ ചികിത്സിച്ച കുട്ടികളിൽ 26 പേർ രണ്ട് കിലോഗ്രാമിന് താഴെ തൂക്കമുള്ളവരായിരുന്നു. ഇവരെ സംരക്ഷിച്ചെടുക്കുക എന്നത് ആശുപത്രിയിലെ പീഡിയാട്രിക് ഡോക്ടർമാരെയും, ജീവനക്കാരെയും സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയായിരുന്നു. 800 ഗ്രാംവരെ തൂക്കമുള്ള കുട്ടികളെ പോലും രക്ഷിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത് പ്രത്യേക പ്രസ്താവ്യമാണ്.

ഹൃദയശസ്ത്രക്രിയ, ആൻജിയോപ്ലാസ്റ്റി, മുട്ടുമാറ്റിവെയ്ക്കൽ, ഇടുപ്പ് മാറ്റിവയ്ക്കൽ ന്യൂറോസർജറി തുടങ്ങിയ സങ്കീർണ്ണവും ചെലവെറിയതുമായ എല്ലാ ചികിത്സകളും ആദ്യവർഷത്തിൽ തന്നെ നൽകുകയുണ്ടായി. മാസങ്ങളോളം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വന്നിട്ടുണ്ട്. ശരാശരി 15 രോഗികൾ കിടത്തി ചികിത്സകരായും 10 രോഗികൾ ഒ.പി.യിലും ദിനംപ്രതി വരുന്നുണ്ട്. ഇവരുടെ കൂട്ടിരിപ്പുകാരെയും ആശുപത്രി പരിചരിക്കുന്നുണ്ട്. 200 രൂപ നിരക്കിൽ അലവൻസും നൽകുന്നു. ഇവർക്കെല്ലാവർക്കും യാത്രാസൗകര്യമൊരുക്കി. ആരോഗ്യപ്രവർത്തകർക്കായി 8 പരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ചു. ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ഹെൽത്ത് ഇൻസ്പെക്ടർമാർ, ആശാ വർക്കർമാർ, ആനിമേറ്റർമാർ, അംഗൻവാടി വർക്കർമാർ, ഐ.സി.ഡി.എസ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 1262 പേർ പങ്കാളികളായി. പദ്ധതിയുടെ ഭാഗമായി അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിൽ തെരഞ്ഞെടുത്ത 23 ആദിവാസി ഊരുകളിൽ മാതൃ-ശിശു സംരക്ഷണത്തെക്കുറിച്ചുള്ള 25 സദസ്സുകളിൽ ആരോഗ്യബോധവൽക്കരണ തെരുവു നാടകങ്ങളും സംഘടിപ്പിച്ചു. പദ്ധതിയ്ക്ക് കീഴിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി താഴെ പറയും പ്രകാരം രോഗികളെ ഐ.പി. ആയി കിടത്തി ചികിത്സിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| പീഡിയാട്രിക് | 100 | ഗൈനക്കോളജി | 116 |
| ജനറൽ സർജറി | 40 | ഇ.എൻ.റ്റി | 9 |
| നെഫ്രോളജി | 23 | യൂറോളജി | 8 |
| ഓർത്തോപീഡിക് | 63 | പീഡിയാട്രിക് സർജറി | 4 |
| കാർഡിയോളജി | 69 | ഡർമറ്റോളജി | 2 |
| ജനറൽ മെഡിസിൻ | 74 | പ്ലാസ്റ്റിക് സർജറി | 10 |
| പൾമണോളജി | 41 | കാർഡിയൊ തൊറാസിക് സർജറി | 2 |
| ന്യൂറോളജി | 66 | ഡന്റൽ | 19 |
| ഒഫ്ത്താൽമോളജി | 22 | സൈക്യാട്രി | 2 |
| ഗ്യാസ്ട്രോഎന്റോളജി | 39 | ഓങ്കോളജി | 1 |
| ന്യൂറോ സർജറി | 61 | ആകെ | 771 |



# അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി സോഷ്യൽ ആഡിറ്റ് എന്ത്? എന്തിന്?



ഡോ. പി.കെ.ജയശ്രീ ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

സഹകരണ മേഖലയിലെ ഏറ്റവും വലിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ സഹകരണത്തോടെ നടപ്പിലാക്കിയ അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ഒരു വർഷം പിന്നിടുകയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമല്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി രോഗചികിത്സ ആദിവാസി ജനവിഭാഗത്തിന് സൗജന്യമായി ലഭ്യമാക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പ് നടത്തുക, 24 മണിക്കൂറും സൗജന്യ നൂതന ആംബുലൻസ് സേവനം നൽകുക, പോഷകാഹാരം ഉറപ്പ് വരുത്തുക, കുട്ടികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തുക, ഹെൽത്ത് വോളണ്ടിയേഴ്സിനായി ട്രെയിനിംഗ് പ്രോഗ്രാം നടത്തുക, വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുക. ഡീ അഡിക്ഷൻ ട്രീറ്റ്മെന്റ്/അവയർനസ്സ് പ്രോഗ്രാം നടപ്പിലാക്കുക.ലബോറട്ടറി, ഡയഗണോസ്റ്റിക് സേവനങ്ങൾ നൽകുക, പട്ടികജാതി/പട്ടികവർഗവിഭാഗക്കാർക്ക് സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുക ഗുണഭോക്താക്കൾക്ക് ആശുപത്രി ആരോഗ്യ സ്മാർട്ട് കാർഡ് നൽകുക, ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരേയും വിദഗ്ധരേയും നിയോഗിച്ച് ആശുപത്രി സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. രോഗചികിത്സയിൽ മാത്രം ഒതുങ്ങുന്ന രീതിയിലല്ല ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സമഗ്രമായ ആരോഗ്യ പുനരധിവാസമാണ് ലക്ഷ്യമാക്കുന്നത്. ആദ്യവർഷത്തേക്ക് ആവശ്യമായ ഒന്നരക്കോടി രൂപ സർക്കാർ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് അട്ടപ്പാടി മേഖലയിൽ നിന്ന് ഈ ആശുപത്രിയിലെത്തുന്ന രോഗികൾ വലിയ പ്രയാസമനുഭവിക്കുകയായിരുന്നു. മരുന്നിനും ഭക്ഷണത്തിനും കഷ്ടപ്പെടുന്ന അവർക്ക് ഈ പദ്ധതി വലിയ ആശ്വാസമായിരുന്നു. ഈ പദ്ധതി നടപ്പാക്കിയതു മുതൽ ഒരു വർഷം പൂർത്തിയാകുമ്പോൾ വലിയ നേട്ടങ്ങൾ കൈവരിക്കാനായി എന്നാണ് വിലയിരുത്തൽ. ഈ ചികിത്സാപദ്ധതിയിലൂടെ കൂടുതൽ രോഗികൾക്ക് ചികിത്സാചെലവ് ലഭ്യമാക്കാനും അവരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാനും കഴിഞ്ഞു. ഈ ആരോഗ്യ പദ്ധതിക്ക് കീഴിൽ ഇ.എം.എസ് സഹകരണ ആശുപത്രിയിൽ 3573 രോഗികൾ ചികിത്സ തേടി വരികയുണ്ടായി.

ഈ പദ്ധതി നടപ്പാക്കിയതു മുതൽ ഒരു വർഷം പൂർത്തിയാകുമ്പോൾ ഉണ്ടായ നേട്ടങ്ങൾ വളരെ വലുതാണ്. താഴെ തട്ടിലുള്ള വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ പണം ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾ എത്രമാത്രം അതിന്റെ ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നു പരിശോധിക്കുമ്പോഴാണ് ആ പദ്ധതി പൂർണ്ണമാകുന്നത്. നിലവിലുള്ള സാഹചര്യമനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കിയതുവഴി അതിലൂടെ വിഭാവനം ചെയ്തിരുന്ന കാര്യങ്ങൾ നേടാനായി എന്നു മനസിലാകുന്നുണ്ട്. ആ അവകാശം കൂടുതൽ ദൃഢമാക്കുന്നതിന് ഒരു സോഷ്യൽ ആഡിറ്റിംഗ് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. സോഷ്യൽ ആഡിറ്റ് നടത്തുന്നതു വഴി ഈ പദ്ധതിയുടെ നഷ്ടോത്തരവാദിത്തം, സുതാര്യത (accountability, transparency) എന്നിവ വർദ്ധിക്കുന്നു.

ഒരു പദ്ധതിയെപ്പറ്റിയുള്ള സാമൂഹിക പ്രസക്തി എന്ത്? പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ എത്രത്തോളം കഴിഞ്ഞു? അതിൽ എന്തെങ്കിലും അപാകതകൾ കടന്നുകൂടിയോ? എന്നിവയെപ്പറ്റി ആഴത്തിലുള്ള ജനകീയ അന്വേഷണവും പൊതുസമൂഹത്തിന്റെ കണക്കെടുപ്പും പരിശോധനയും വിലയിരുത്തലുമാണ് ഒരു സോഷ്യൽ ആഡിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. അതായത്, പൊതുസമൂഹവും ഗുണഭോക്താക്കളും ചേർന്നു നടത്തുന്ന ഉപയോഗക്ഷമതാ വിലയിരുത്തൽ. ഈ പ്രക്രിയ ഒരേ സമയം പൊതുസംവിധാനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്തം ഉറപ്പിക്കാനുള്ള ഉപകരണവും ഏറ്റവും ദുർബലമായ ജനങ്ങളുടെ ശക്തീകരണത്തിനുള്ള ഉപാധിയും കൂടിയാണ്. ഇത് ഭരണനിർവഹണത്തിലെ അടിസ്ഥാനമൂല്യങ്ങളായ സുതാര്യത, പങ്കാളിത്തം, ഉത്തരവാദിത്തം തുടങ്ങിയവയൊക്കെ അരക്കിട്ടുറപ്പിക്കുന്നു. സോഷ്യൽ ആഡിറ്റ് കേവലം കുറ്റം കണ്ടെത്തുന്ന പ്രക്രിയയല്ല. ഗുണഭോക്താവിനു തന്നെ വിലയിരുത്തൽ അനുവദിക്കുകവഴി സുതാര്യവും പങ്കാളിത്തവും ഉറപ്പാക്കുന്നു. ദൗർബല്യങ്ങളുണ്ടെങ്കിൽ അതു കണ്ടെത്തി എങ്ങനെ പ്രവർത്തനം മെച്ചപ്പെടുത്താം, അതിനുള്ള നിർദേശങ്ങൾ കൂടി ലക്ഷ്യമാക്കുന്നു. ഇതിലൂടെ ഒരു പദ്ധതി നിരന്തരം നവീകരിക്കപ്പെടുന്നു. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയെപ്പറ്റി ഇത്തരത്തിൽ സോഷ്യൽ ആഡിറ്റിംഗിനായി ഒരു രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് സോഷ്യൽ ആഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.